53.50 കി.മീ ബി.എം. ബി.സി. ചെയ്യും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 161 കോടി രൂപ ചെലവായി. ദേശീയപാതാ വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം- ആയി ചേർത്തിരിക്കുന്നു. നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) റോഷി ഗ്രാമീണ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി 6 റോഡുകൾ 9 പാക്കേജുകളായി നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിൽ കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തളിപ്പറമ്പ-വളപട്ടണം, പെരുമ്പാമ്പ-മൂവാറ്റുപുഴ, പൊൻകുന്നം-തൊടുപുഴ, പെരിന്തൽമണ്ണ എന്നീ റോഡുകളും ഡി.ബി.എം.-ഉം ബി.സി.-യും ജോലികൾ നടന്നുവരുന്നു. ദേശീയപാതാ വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം-II* ആയി ചേർത്തിരിക്കുന്നു. നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ദേശീയപാത നാല് വരി ആക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ

327 (1412) ഡോ. ടി. എം. തോമസ് ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നാല് വരി ആക്കുന്നതിന് ഭൂമി ഏറ്റെടുത്ത് നല്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിന് ഉന്നത അധികാര സമിതിക്ക് രൂപം നല്കുകയുണ്ടായോ; സമിതി എത്ര തവണ യോഗം ചേരുകയുണ്ടായി; ദേശീയപാതകളുടെ രൂപകല്പനയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സമിതി എന്തൊക്കെ തീരുമാനങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ട്;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നഷ്ടപരിഹാര വ്യവസ്ഥയനുസരിച്ച് നാളിതുവരെ എത്ര ഭൂമി ദേശീയ പാതക്കായി അക്വയർ ചെയ്തിട്ടുണ്ട്; ഏതെല്ലാം റോഡുകൾക്ക് വേണ്ടി എത്ര വീതം ഭൂമി അക്വയർ ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക വിനിയോഗിക്കുകയുണ്ടായി; ഏതെങ്കിലും റോഡ് നിർമ്മാണം ടെണ്ടർ വിളിച്ച്, പ്രവൃത്തി ആരംഭിക്കുകയുണ്ടായോ;

(സി) നിർദ്ദിഷ്ട റോഡുകളുടെ എസ്റ്റിമേറ്റ് തുക വിശദമാക്കുമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയപാത നാലുവരിപ്പാതയാക്കുന്നതിന് അലൈൻമെന്റ് പ്രശ്നങ്ങൾ അതായത് ആരാധനാലയങ്ങൾ, സാമൂഹിക സാംസ്കാരിക പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദേശീയപാതയുടെ അലൈൻമെന്റിലെ ഓരോ പ്രദേശങ്ങളിൽ നിന്നുള്ള മേൽ പറഞ്ഞ തരത്തിലുള്ള പരാതികൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടം പരിശോധിച്ചുവരുന്നതേയുള്ളൂ.

(ബി&സി) പുതുക്കിയ കേന്ദ്ര എൽ.എ. ആക്ട് പ്രകാരം സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല.

തോട്ടുകര പാലം നിർമ്മാണം

328 (1413) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പടന്ന പഞ്ചായത്തിലെ തോട്ടുകര പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ തോട്ടുകര പാലം നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് ലഭ്യമായ ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

പെരുമൺ പാലം നിർമ്മാണം

329 (1414) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly